'107271/2023

"ഭരണഭാഷ മാതൃഭാഷ"

DWCD/4549/D1-2022(1)

വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 25-07-2023
ഇമെയിൽ : directorate.wcd@kerala.gov.in
ഫോൺ നമ്പർ : 0471-2346534

## ടെണ്ടർ നോട്ടീസ്

പൂജപ്പുര വനിത ശിശുവികസന ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന ജന്റർ കൗൺസിലിന്റെ ഔദ്യോഗികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ഒരു വർഷത്തേയ്ക്ക് വാഹനം വാടകയ്ക്ക് നൽകുവാൻ താൽപ്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

| | |
|---|---|
| അടങ്കൽ തുക | : 360000/- രൂപ |
| ടെണ്ടർ ഫോമിന്റെ വില | : 800/- രൂപ + GST = 944/- രൂപ |
| ടെണ്ടർ ഫോമിന്റെ വിൽപ്പന | : 25-07-2023 മുതൽ (10 am to 5pm, on working days) |
| ടെണ്ടർ ഫോം വിൽക്കുന്ന അവസാന തിയതിയും സമയവും | : 07.08.2023 ; 12 Noon |
| പൂരിപ്പിച്ച ടെണ്ടറുകൾ, ആവശ്യമായ രേഖകൾ സഹിതം സ്വീകരിക്കുന്ന അവസാന തിയതിയും സമയവും | : 07.08.2023 ; 02 pm |
| ടെണ്ടർ തുറക്കുന്ന തിയതിയും സമയവും | : 07.08.2023 ; 03 pm |
| ടെണ്ടർ സമർപ്പിക്കേണ്ട അധികാരിയുടെ ഓഫീസ് മേൽവിലാസം | : ഡയറക്ടർ, വനിത ശിശുവികസന ഡയറക്ടറേറ്റ്, പൂജപ്പുര, തിരുവനന്തപുരം. |

നിബന്ധനകൾ

1. 1000 കി മീ ഓടുന്നതിന് 30000/- രൂപയും അധികരിച്ച് വരുന്ന ഓരോ കി. മീറ്ററിനും സർക്കാർ നിരക്ക് അനുസരിച്ചും തുക നൽകുന്നതാണ്.
2. അടങ്കൽ തുകയുടെ 1% EMD ആയി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. വാഹനം 7 വർഷത്തിലധികം കാലപ്പഴക്കം ഉള്ളവയായിരിക്കരുത്. ടാക്സി പെർമിറ്റ് നിർബന്ധമാണ്.

'107271/2023

4. വകുപ്പിൽ നിന്ന് വാഹന വാടക മാത്രമേ അനുവദിക്കുകയുള്ളൂ. ടാക്സ്, ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.
5. ടെണ്ടറിനോടൊപ്പം വാഹനത്തിന്റെ RC ബുക്ക്, ടാക്സി പെർമിറ്റ്, ഫിറ്റനസ്സ് സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് എന്നിവയുടെ പകർപ്പുകൾ ഹജരാക്കേണ്ടതാണ്.
6. ടെണ്ടറുകൾ യാതൊരു കാരണവും കൂടാതെ നിരുപാതികം നിരസിക്കുന്നതിനും, തീർപ്പ് കൽപ്പിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, നീട്ടി വയ്ക്കുന്നതിനുമുള്ള അധികാരം ടെണ്ടർ ക്ഷണിച്ച അധികാരിയിൽ നിക്ഷിപ്തമായിരിക്കും
7. ടെണ്ടർ സംബന്ധിച്ച വിശദ വിവരങ്ങൾ ടെണ്ടർ തിയതി മുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്ന വനിത ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും അറിയാവുന്നതാണ്.
8. മേൽ വ്യവസ്ഥകൾക്ക് വിപരീതമായോ ഉപരിയായോ എന്തെങ്കിലും വ്യവസ്ഥകൾ ധനവകുപ്പിൽ നിന്നും ഉണ്ടാകുന്ന പക്ഷം പ്രസ്തുത ടെണ്ടർ റദ്ദാക്കി പുതിയ ടെണ്ടർ വിളിക്കുന്നതാണ്

ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തിയതിയിലെ പരാമർശിത സമയത്തിന് മുമ്പായി സീൽ ചെയ്ത കവറുകളിൽ സമർപ്പിക്കേണ്ടതും അന്നേ ദിവസം 3 മണിക്ക് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. കരാർ അംഗീകരിച്ച് ലഭിക്കുന്ന കരാറുകാരൻ 200/- രൂപ മുദ്ര പത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതും, അടങ്കൽ തുകയുടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകേണ്ടതുമാണ്.

വനിത ശിശുവികസന ഡയറക്ടർ

igned by Priyanka G
ate: 25-07-2023 11:01:28